# Athmaraksha.org

പോർനാഗ്രഫി, ദുഷ്ട കൂട്ടുകെട്ടുകൾ

## മിശ്രവിവാഹത്തെ സംബന്ധിച്ച് ഒരു ദൈവ പൈതലിന്റെ നിലപാട് എന്തായിരിക്കണം? കടപ്പാട്:റവ.ഫാ.സേവ്യർ ഖാൻ വട്ടായിൽ




1. അന്യജാതിയിൽപ്പെട്ടവരെ സഹോദരതുല്യം സ്നേഹിക്കുക. അവരെ ജീവിത പങ്കാളിയായി തിരഞ്ഞെടുക്കരുത്.
2. അന്യജാതിയിൽപ്പെട്ടവരെ പ്രേമിക്കുകയോ ലൈംഗീക ബന്ധങ്ങളിൽ ഏർപ്പെടുകയോ അരുത്.
3. മിശ്രവിവാഹത്തിന് ആരേയും പ്രോത്സാഹിപ്പിക്കരുത്. പിൻതിരിപ്പിക്കുക.
4. വിവാഹത്തെ സംബന്ധിച്ച് സഭയുടെ ആരോഗ്യപരമായ രീതി മാത്രമേ അവലംബിക്കാവൂ. സഭ മിശ്രവിവാഹം ഉപദേശിക്കുന്നില്ല. മിശ്രവിവാഹത്തെ സംബന്ധിച്ച സഭയുടെ പ്രബോധനങ്ങൾ അറിയുക.
5. മക്കളെ ചെറുപ്പം മുതലേ ഇക്കാര്യങ്ങളിൽ ശരിയായ ബോധ്യങ്ങൾ കൊടുത്ത് വളർത്തുക.
6. 6.പ്രബോധനങ്ങൾ നൽകുമ്പോൾ ഇക്കാര്യങ്ങൾ പഠിപ്പിക്കുക.
7. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ മിശ്രവിവാഹബന്ധം അനിവാര്യമായി വന്നാൽത്തന്നെ ക്രിസ്റ്റീയ വിശ്വാസം സ്വീകരിച്ച് സഭയിൽ അംഗമായാൽ മാത്രമേ അവരെ വിവാഹം ചെയ്യാവൂ. ഇത്തരം സാഹചര്യത്തിൽ ഈ നടപടി മറ്റൊരാത്മാവിന് ദുർമാതൃകയാകാനിടയുണ്ടോ എന്നും ചിന്തിക്കേണ്ടതാണ്.

മത്താ. 18-6 'എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനു ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവന് കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ലുകെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുകയായിരിക്കും'.

പ്രാർത്ഥന

കർത്താവേ..... എന്റെ ജീവന്റെയും ജീവിതത്തിന്റെയും ഉടയവനെ... ഞാനങ്ങയെ ആരാധിക്കുന്നു. എന്റെ പാദങ്ങളെ വിനയത്തിന്റെ മാർഗ്ഗത്തിൽ നിന്നും എന്റെ ചിന്തകളെ അന്ധകാരത്തിന്റെ പിടിയിൽ നിന്നും രക്ഷിക്കണമേ.. കർത്താവേ, മനുഷ്യന്റെ മാർഗ്ഗങ്ങൾ അവന്റെ നിയന്ത്രണത്തിലല്ലെന്നും നടക്കുന്നവന് നിന്റെ ചുവടുകൾ സ്വാധീനമല്ലെന്നും എനിക്കറിയാം. കർത്താവേ നീതിപൂർവ്വം എന്നെ തിരുത്തേണമേ... വഴുവഴുപ്പുള്ള പാറയിൽ എന്നെ നിറുത്തരുതേ... ദൈവവചന വിപരീതമായ സ്വഭാവത്തിലേക്ക് നയിക്കുന്ന എല്ലാ ദുഷ്ടപ്പാത്രപികളേയും നസ്രായനായ യേശുവിന്റെ നാമത്തിൽ ഞാൻ ബന്ധിക്കുന്നു. നിത്യ നരകാഗ്നിയിലേക്ക് ആട്ടിപ്പായിക്കുന്നു. പരിശുദ്ധാത്മാവേ എന്നിൽ

നിറയണമേ! ആമ്മേൻ.